"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

KSHB Building, ശാന്തിനഗർ, തിരുവനന്തപുരം-1

**ട്രെയിനിംഗ് ഡയറക്ടറുടെ നടപടി ക്രമം**

**(നിലവിൽ : ശ്രീ. കെ.ബിജു. ഐ.എ.എസ്)**

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ് -പർച്ചേസ് വിഭാഗം 2015-2016 സാമ്പത്തിക വർഷത്തിൽ അഫിലിയേഷൻ റീ അഫിലിയേഷൻ ലഭിക്കുന്നതിനുവേണ്ടി വിവിധ കമ്പനികൾക്ക് വിതരണ ഉത്തരവ് നൽകിയിരുന്നത്-പേമെന്റ് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) ജി.ഒ.(ആർ.ടി) നമ്പർ 691/15/തൊഴിൽ തീയതി 27.05.2015 സർക്കാർ ഉത്തരവ്.

2) ഈ ഓഫീസിലെ 04.04.16 ലെ ഇതേ നമ്പർ സർക്കുലർ.

3) ജി.ഒ (ആർ.ടി) നമ്പർ 851/2016/തൊഴിൽ തീയതി 05.07.2016 നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ് നമ്പർ : ഇ2/9223/12/തീയതി : 12.07.2016**

2015-2016 സാമ്പത്തിക വർഷത്തിൽ വിവിധ ഐ.ടി.ഐകളിലെ വിവിധ ട്രേഡുകൾക്ക് അഫിലിയേഷൻ, റീ അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഉപകരണ സംഭരണം നടത്തുന്നതിന് വേണ്ടി '2230-03-101-87-മോഡണൈസേഷൻ ഓഫ് ഐ.ടി.ഐഎസ്-34-ഒ.സി-3-അദർ ഐറ്റംസ് (പ്ലാൻ) 2015 - 2016 ' ശീർഷകത്തിൽ 20 കോടി രൂപയുടെ ഭരണാനുമതി സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ലഭിച്ചിരുന്നു. ടി സർക്കാർ ഉത്തരവ് അനുസരിച്ച് 2015-2016 സാമ്പത്തിക വർഷത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് വിതരണ ഉത്തരവുകൾ നൽകുകയും ചെയ്തിരുന്നു.

2. നടപ്പു സാമ്പത്തിക വർഷത്തിൽ '2230-03-101-87-മോഡണൈസേഷൻ ഓഫ് ഐ.ടി.ഐഎസ്-34-ഒ.സി-3-അദർ ഐറ്റംസ് (പ്ലാൻ) 2016-2017' എന്ന ശീർഷകത്തിൽ ഉപകരണ സംഭരണത്തിനുവേണ്ടി 22.13 കോടി രൂപ അനുവദിച്ചിരിക്കുന്നതിൽ 6 കോടി രൂപ 2015- 2016 സാമ്പത്തിക വർഷത്തിൽ വിവിധ കമ്പനികൾക്ക് അഫിലിയേഷൻ, റീ അഫിലിയേഷൻ ലഭിക്കുന്നതിനുവേണ്ടി വിതരണ ഉത്തരവുകൾ നൽകിയിരുന്നതു പ്രകാരം തുക മാറി നൽകുന്നതിനായി പരാമർശം (3) പ്രകാരം സർക്കാരിൽ നിന്നും അനുമതി ലഭ്യമായിരിക്കുന്നു. പെന്റിംഗ് പേയ്മെന്റ് സംബന്ധിച്ച വിവരം സൂചന (2) ലെ സർക്കുലർ പ്രകാരം എല്ലാ ഐ.ടി.ഐ കളിൽ നിന്നും ശേഖരിച്ചിരുന്നു.

3. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ഐ.ടി.ഐകളിലെ വിവിധ ട്രേഡുകളുടെ അഫിലിയേഷൻ, റീ അഫിലിയേഷൻ നേടി എടുക്കുന്നതിനായി വിവിധ കമ്പനികൾക്ക് 2015-2016 സാമ്പത്തിക വർഷത്തിൽ വിതരണ ഉത്തരവ് നൽകിയിരുന്നതുപ്രകാരം വിവിധ കമ്പനികൾ സാധനസാമഗ്രികൾ തൃപ്തികരമായി വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ഡയറക്ടറേറ്റിൽ നിന്നും ഇനിയും ഒരു

അനുമതി ലഭിക്കാതെ തന്നെ ടി കമ്പനികൾക്ക് പുതുക്കിയ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ അനുസരിച്ച് '2230-03-101-87-മോഡണൈസേഷൻ ഓഫ് ഐ.ടി.ഐഎസ്-34- ഒ.സി- 3-അദർ ഐറ്റംസ് (പ്ലാൻ) 2016-2017' എന്ന ശീർഷകത്തിൽ നിന്നും തുക മാറി നൽകുന്നതിന് ഇതിനാൽ അനുമതി നൽകി ഉത്തരവാകുന്നു. കമ്പനികൾക്ക് പേയ്മെന്റ് നൽകുന്നതിന് മുമ്പ് വിതരണം നടത്തിയ സ്ഥാപനം, വിതരണവുമായി ബന്ധപ്പെട്ട സെക്യൂരിറ്റി ഡെപ്പോസിറ്റ്, എഗ്രിമെന്റ് ഇവ സമർപ്പിച്ചിട്ടുണ്ടോ എന്നും വിതരണം ചെയ്ത സാധനസാമഗ്രികൾ തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടെന്നും ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതും, പാർട്ട് പേമെന്റ് നൽകാൻ പാടില്ലാത്തതുമാണ്. കമ്പനികൾക്ക് തുക നൽകുന്ന വിവരം യഥാസമയം തന്നെ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്
ഡയറക്ടർ ഓഫ് ട്രെയിനിംഗ്

To

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും. —ടി ആവശ്യത്തിനു വേണ്ടി അലോട്ട്മെന്റ് ആവശ്യപ്പെടുമ്പോൾ നിശ്ചിത പ്രൊഫോർമയിലെ റിമാർക്സ് കോളത്തിൽ 2015- 2016 വർഷത്തെ അഫിലിയേഷൻ റീ-അഫിലിയേഷൻ ഉപകരണ സംഭരണത്തിനാണെന്ന് വ്യക്തമായി കാണിക്കേണ്ടതാണ്.

പകർപ്പ് :- സി.എ ടു ഡി.റ്റി, സി.എ ടു എ.ഡി.റ്റി.
ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്),
സീനിയർ സൂപ്രണ്ട് (പ്ലാനിംഗ്), അക്കൗണ്ട്സ് ഓഫീസർ,
ജൂനിയർ സൂപ്രണ്ട് (ഇ1 & ഇ2), ഐ1 സെക്ഷൻ,
പർച്ചേസ് സെക്ഷൻ ക്ലാർക്കുമാർക്ക്
സംഭരണ ഫയൽ.(ഇ2).

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്

എസ്.എച്ച്. 05/07/16

കേരള സർക്കാർ

സംഗ്രഹം

വ്യാവസായിക പരിശീലന വകുപ്പ് - വിവിധ കമ്പനികൾക്ക് 2015 – 16 സാമ്പത്തിക വർഷത്തിൽ വിതരണ ഉത്തരവ് നകിയതു പ്രകാരം പെന്റിംഗ് പേയ്മെന്റ് നൽകുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ. (സാധാ) നം. 851/2016/തൊഴിൽ — തിരുവനന്തപുരം, തീയതി 05/07/2016

---

പരാമർശം- 1) G.O (Rt) No. 691/2015/LBR dated 27.05.2015 നമ്പർ ഉത്തരവ്.
2) ട്രെയിനിംഗ് ഡയറക്ടറുടെ 01.06.2016 ലെ ഇ 2/9223/2016 -ാം നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) ലെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ വിവിധ ഐ.ടി.ഐ കളിൽ അഫിലിയേഷൻ, റീ അഫിലിയേഷൻ എന്നിവ DGT ന്യൂഡൽഹിയിൽ നിന്നും നേടിയെടുക്കുന്നതിനായി കുറവുള്ള ഉപകരണങ്ങൾ സംഭരിക്കുന്നതിനു വേണ്ടി 2230-03-101-87-Modernization of ITis-34-OC-3 other items (Plan) 2015-16 എന്ന ശീർഷകത്തിൽ 20 കോടി രൂപ അനുവദിച്ചിരുന്നു. വിവിധ കമ്പനികൾക്ക് വിതരണ ഉത്തരവ് നൽകി എങ്കിലും ചില കമ്പനികൾ 31.03.2016 നു മുമ്പ് സാധനങ്ങൾ തൃപ്തികരമായി വിതരണം ചെയ്യാത്തതിനാൽ ടി തുക ചെലവഴിക്കാൻ കഴിഞ്ഞില്ലായെന്നും ആയതിനാൽ നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 22.13 കോടി രൂപയിൽ നിന്നും വിവിധ കമ്പനികൾക്ക് പേയ്മെന്റ് നടത്തുവാൻ 6 കോടി രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി ട്രെയിനിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2230-03-101-87-Modernization of ITIs-34-OC-3 other items (Plan) 2016-17 എന്ന ശീർഷകത്തിൽ, അനുവദിച്ചിട്ടുള്ള 22.13 കോടി രൂപയിൽ നിന്നും വിവിധ കമ്പനികൾക്ക് പേയ്മെന്റ് നടത്തുവാൻ 6 കോടി രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി ട്രെയിനിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത കെ.എസ്,
അണ്ടർസെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഡി.ബി. സെൽ) കേരള,തിരുവനന്തപുരം.
ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (vide No.254014/H&L-A1/16/Fin/Fin 27.06.2016).
വിവര പൊതുജന സമ്പർക്ക വകുപ്പ്.(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻവേണ്ടി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

മേലെഴുത്ത് നമ്പർ ഇ2/9223/16 തീയതി 07/07/16

സർക്കാർ ഉത്തരവ് അറിവിലേയ്ക്കും മേൽനടപടി സ്വീകരിക്കുന്നതിലേയ്ക്കുമായി എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും നൽകുന്നു.

ബി.ശ്രീകുമാർ
അഡീഷണൽ ഡയറക്ടർ
ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും (വെബ്സൈറ്റ് മുഖേന)

പകർപ്പ്

1. ഡയറക്ടറുടെ സി.എ
2. അഡീഷണൽ ഡയറക്ടറുടെ സി.എ
3. ഫിനാൻസ് ഓഫീസർ
4. ജോയിന്റ് ഡയറക്ടറുടെ സി.എ
5. ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്)
6. സീനിയർ സൂപ്രണ്ട് (പ്ലാനിംഗ്)
7. ജൂനിയർ സുപ്രണ്ട്(ഇ1, ഇ2)
8. ഐ1 സീറ്റ് ക്ലാർക്ക്
9. പർച്ചേസ് സെക്ഷൻ ക്ലാർക്ക്മാർക്ക്
10. കരുതൽ ഫയൽ (ഇ2)

//ഉത്തരവിൻപ്രകാരം//

ജൂനിയർ സൂപ്രണ്ട്

ഡി.12/07/16